<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6042      19.11.2019 -ൽ മറുപടിയ്ക്ക്

## വള്ളംകളികളെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ആറന്മുള ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന വള്ളംകളികൾ നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സാഹചര്യത്തിൽ ടൂറിസം പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വള്ളംകളികളെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വള്ളംകളികൾ ആണ് ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ; | എ) | ആറന്മുള ഉൾപ്പെടെ വിവിധ വള്ളംകളികൾ ടൂറിസം രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലീഗ് അടിസ്ഥാനത്തിലുള്ള വള്ളംകളി " ചാമ്പ്യൻസ് ബോട്ട് ലീഗ്" എന്ന പേരിൽ ഇക്കൊല്ലം മുതൽ ആവിഷ്കരിച്ചിട്ടുളളതാണ്. കേരളത്തിലെ ആറു ജില്ലകളിൽ താഴെ പറയുന്ന വേദികളിലാണ് നടന്നുവരുന്നത്.<br>• നെഹ്റുട്രോഫി ബോട്ട് റേസ്, ആലപ്പുഴ-ഓഗസ്റ്റ് 31<br>• താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7<br>• കരുവാറ്റ, ആലപ്പുഴ-സെപ്റ്റംബർ 14<br>• പിറവം, എറണാകുളം-സെപ്റ്റംബർ 28<br>• മറൈൻ ഡ്രൈവ്, എറണാകുളം-ഒക്ടോബർ 5<br>• കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12<br>• കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)<br>• കൈനകരി, ആലപ്പുഴ-ഒക്ടോബർ 26<br>• പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2<br>• കായംകുളം, ആലപ്പുഴ-നവംബർ 9<br>• കല്ലട, കൊല്ലം-നവംബർ 16 |

<table>
<tr><td></td><td></td><td></td><td>• പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം-നവംബർ 23</td></tr>
<tr><td>ബി)</td><td>എന്തൊക്കെ സഹായങ്ങൾ ആണ് ടൂറിസം വകുപ്പ് എല്ലാ വർഷവും വള്ളംകളികൾക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td><td>ബി)</td><td>വർഷങ്ങളായി വിവിധ വള്ളംകളികളുടെ നടത്തിപ്പിനായി അവയുടെ വിനോദസഞ്ചാര പ്രാധാന്യം കണക്കിലെടുത്ത് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ, പ്രാധാന്യം അർഹിക്കുന്ന വള്ളംകളികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഇടപെടലുകളും നടത്തി വരുന്നുണ്ട്.</td></tr>
<tr><td>സി)</td><td>വള്ളപ്പുരകളുടെ നവീകരണത്തിനായി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന റിയിക്കാമോ;</td><td rowspan="2">സി) & ഡി)</td><td rowspan="2">പത്തനംതിട്ട ജില്ലയ്ക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല.<br>2013-14 സാമ്പത്തിക വർഷം വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിനായി ഭരണാനുമതി നൽകിയ 1,50,00,000/- രൂപയിൽ നിന്നും താഴെ ചേർക്കുന്ന തുകകൾ അനുവദിച്ച നൽകിയിട്ടുണ്ട്.<br><u>ചുണ്ടൻവള്ളങ്ങൾ</u>
<table>
<tr><td>1</td><td>കരുവാറ്റ ചുണ്ടൻ</td><td>15,25,675/-</td></tr>
<tr><td>2</td><td>ചെറുതന ചുണ്ടൻ</td><td>10,50,534/-</td></tr>
<tr><td>3</td><td>കരുവാറ്റ ശ്രീ വിനായകൻ</td><td>8,78,410/-</td></tr>
<tr><td>4</td><td>കാരിച്ചാൽ ചുണ്ടൻ</td><td>5,61,719/-</td></tr>
<tr><td>5</td><td>പായിപ്പാടൻ ചുണ്ടൻ</td><td>5,96,815/-</td></tr>
<tr><td>6</td><td>ശ്രീഗണേശൻ ചുണ്ടൻ</td><td>5,44,917/-</td></tr>
<tr><td>7</td><td>ദേവദാസ് ചുണ്ടൻ</td><td>8,07,441/-</td></tr>
<tr><td>8</td><td>ആനാരി പുത്തൻ ചുണ്ടൻ</td><td>9,13,565/-</td></tr>
<tr><td>9</td><td>ആയാപറമ്പ് പാണ്ടി ചുണ്ടൻ</td><td>10,59,866/-</td></tr>
<tr><td>10</td><td>ആയാപറമ്പ് വലിയ ദിവാൻജി</td><td>17,20,795/-</td></tr>
<tr><td>11</td><td>വെള്ളംകുളങ്ങര</td><td>2,00,478/-</td></tr>
</table>
<u>വള്ളപ്പുരകൾ</u>
<table>
<tr><td>1</td><td>ആയാപറമ്പ് പാണ്ടി വള്ളപ്പുര</td><td>3,12,370/-</td></tr>
</table>
</td></tr>
<tr><td>ഡി)</td><td>ഉണ്ടെങ്കിൽ പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ വള്ളങ്ങൾക്ക് ആണ് ഇത്തരത്തിൽ ധനസഹായം അനുവദിച്ചത്; ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | 2 | പായിപ്പാടൻ വള്ളപ്പുര | 2,07,339/- |
| | | | 3 | വെള്ളംകുളങ്ങര വള്ളപ്പുര | 2,68,257/- |
| | | | 4 | ആയാപറമ്പ് വലിയ ദിവാൻജി | 3,07,354/- |
| | | | 5 | ചെറുതന വള്ളപ്പുര | 2,23,062/- |
| | | | 6 | ശ്രീഗണേശൻ വള്ളപ്പുര | 51,794/- |
| | | | 7 | ആനാരി വള്ളപ്പുര | 41,932/- |
| | | | 8 | കാരിച്ചാൽ വള്ളപ്പുര | 1,69,919 |

സെക്ഷൻ ഓഫീസർ